പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4751

23-07-2015 ൽ മറുപടിക്ക്

# കെൽട്രോണിലെ കരാർ തൊഴിലാളികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.മുരളീധരൻ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കെൽട്രോണിൽ കരാർ അടിസ്ഥാനത്തിൽ പത്ത് വർഷമായി ജോലി ചെയ്യുന്ന എത്ര തൊഴിലാളികളുണ്ട്; പത്ത് വർഷത്തിൽ കുറവ് സർവ്വീസുള്ള കരാർ തൊഴിലാളികൾ എത്ര പേരുണ്ട്; | (എ) കെൽട്രോണിൽ നിലവിൽ കരാർ അടിസ്ഥാനത്തിൽ പത്ത് വർഷമായി ജോലി ചെയ്യുന്ന 5 പേരും പത്ത് വർഷത്തിൽ കുറവ് സർവ്വീസുള്ള 772 പേരും ഉണ്ട്. കൂടാതെ മറ്റ സർക്കാർ സ്ഥാപനങ്ങളിലേക്ക് അവരുടെ പ്രോജക്റ്റ് നടത്തിപ്പിലേക്കായി, സാങ്കേതിക വൈദഗ്ധ്യം നേടിയ ജീവനക്കാരെ നൽകി വരുന്നവരിൽ, പത്ത് വർഷമായി ജോലി ചെയ്യുന്ന 41 പേരും പത്ത് വർഷത്തിൽ കുറവ് സർവ്വീസുള്ള 296 പേരും ഉണ്ട്. |
| (ബി) കെൽട്രോണിൽ എത്ര സ്ഥിരം തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്; | (ബി) കെൽട്രോണിൽ നിലവിൽ 263 തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്. |
| (സി) കെൽട്രോണിലെ കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ എന്ത് നയസമീപനമാണ് സ്വീകരിക്കുന്നത്? | (സി) കെൽട്രോണിലെ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ലഭിച്ച നിവേദനങ്ങൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ